ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 287–ാം ദിവസം

അദ്യാപി ദൃശ്യതേ രാജൻ യമുനാ$ff$കൃഷ്ടവർത്മനാ
ബലസ്യാനന്ത വീരസ്യ വീര്യം സൂചയതീവ ഹി (10–65–31)

*ശുകമുനി തുടർന്നു:*
വ്യജത്തിലെ തന്റെ ബന്ധുമിത്രാദികളെ കാണാൻ ബലരാമന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം അവിടെ ചെന്നപ്പോൾ ഗോപാലൻമാരും ഗോപികമാരും ഗംഭീരമായ സ്വീകരണം നൽകി. തങ്ങളുടെ ദ്വാരകയിലുള്ള ബന്ധുജനങ്ങളുടെ ക്ഷേമം അന്വേഷിച്ചു. അവർ കൃഷ്ണനെപ്പറ്റി പറഞ്ഞു. "അദ്ദേഹം ഞങ്ങളെപ്പറ്റി ഓർമ്മിക്കുന്നുണ്ടോ?" കൃഷ്ണൻ അവരുടെയിടയിൽ കഴിഞ്ഞുപോയ കാലത്തെപ്പറ്റി അവർ പറയാൻ തുങ്ങി. ദ്വാരകയിൽ സ്ത്രീജനങ്ങൾ കൃഷ്ണന്റെ വാക്കു വിശ്വസിക്കുന്നുണ്ടോ എന്നവർ അത്ഭുതം കൂറി. അതെങ്ങിനെ? ഗോപികമാരോട് ഏറ്റവും അടുപ്പമുണ്ടെന്ന് കാണിച്ചു ജീവിച്ചു വന്നിട്ട് ഒരൊറ്റ നിമിഷം കൊണ്ട് എല്ലാ മമതയും ഉപേക്ഷിച്ച് അദ്ദേഹം പോയില്ലെ? "കൃഷ്ണന്റെ കടക്കണ്ണുകൊണ്ടുള്ള നോട്ടവും പുഞ്ചിരിയും ആർക്കും ചെറുത്തു നിൽക്കാനാവില്ല", മറ്റൊരു ഗോപിക പറഞ്ഞു. അങ്ങിനെ ദ്വാരകയിലുള്ള സ്ത്രീകളും കൃഷ്ണന് വഴങ്ങിയിരിക്കും. "കൃഷ്ണന് നമ്മെ പിരിഞ്ഞിരിക്കാൻ വൈഷമ്യമില്ലെങ്കിൽ നാമും അദ്ദേഹത്തെ കൂടാതെ ജീവിക്കാൻ പഠിക്കണം. നമുക്ക് മറ്റെന്തെങ്കിലും സംസാരിക്കാം." എന്നിരുന്നാലും അവരെല്ലാം കൃഷ്ണനിലും, കൃഷ്ണലീലാകഥകളിലും, മഹിമകളിലും അത്യാകൃഷ്ടരായിരുന്നതുകൊണ്ട് ഭഗവാനെപ്പറ്റി സംസാരിക്കുന്നതുതന്നെ അവർക്ക് ആഹ്ലാദം നൽകി. ബലരാമനും സംഭാഷണങ്ങളിൽ പങ്കെടുത്തു. ഗോപികമാർക്ക് ആഹ്ലാദമേകികൊണ്ട് രണ്ടുമാസം അദ്ദേഹം വൃന്ദാവനത്തിൽ കഴിഞ്ഞു.

യമുനാപുളിനത്തിൽ മന്ദമാരുതൻ വീശി. പൗർണ്ണമി ദിനം. ബലരാമൻ ഗോപികമാരോടൊത്ത് രമിക്കുന്നു. വാരുണി എന്ന് പേരായ മദ്യം ലഭിക്കുന്ന ഒരു വൃക്ഷം അവിടെയുണ്ടായിരുന്നു. മദ്യഗന്ധത്തിലാകൃഷ്ടനായ ബലരാമൻ അതെടുത്ത് ആവോളം കുടിച്ചു. ലഹരിപിടിച്ച അവസ്ഥയിൽ അദ്ദേഹം കാട്ടിൽ ചുറ്റി നടന്നു. യമുനാനദിയോട് ഗതിമാറിയൊഴുകാൻ അദ്ദേഹം കൽപ്പിച്ചു. ഗോപികമാരുമായി താൻ നിൽക്കുന്നിടത്ത് ജലക്രീഡ ചെയ്യാനായിരുന്നു ബലരാമന്റെ ഉദ്ദേശം. മത്തുപിടിച്ചവന്റെ പ്രലപനമെന്ന് ധരിച്ച് യമുന ബലരാമന്റെ ആജ്ഞയെ അവഗണിച്ചു. കോപിഷ്ടനായ ബലരാമൻ തന്റെ കലപ്പയുമായി വന്ന് യമുനയെ ആയിരം ചെറു ചാലുകളാക്കുമെന്ന് ഭീഷണിപ്പെടുത്തി. കലപ്പകൊണ്ട് യമുനയെ വലിച്ചിഴക്കാനും തുങ്ങി. ആഴമേറിയ ഒരു ചാലുണ്ടാക്കി ബലരാമൻ.

യമുനാനദി ബലരാമനോട് യാചിച്ചു. "ഭഗവാനേ ഒരു നിമിഷം അങ്ങാരാണെന്ന് ഞാൻ മറന്നു പോയി. ഞാൻ അങ്ങയെ അഭയം പ്രാപിക്കുന്നു. ആദ്യത്തേതു പോലെ ഒറ്റയായി ഒഴുകാൻ അനുവദിച്ചാലും." ബലരാമൻ സമ്മതിച്ചു. ഗോപികമാരുമൊത്ത് അദ്ദേഹം യമുനയിൽ ജലക്രീഡ നടത്തി.

"പരീക്ഷിത്തേ, ഇപ്പോഴും യമുന ഒഴുകുന്നത് ബലരാമൻ ചാലുകീറി ഗതിമാറ്റിയിടത്തു കൂടിയാണ്. ബലരാമന്റെ ശക്തിവിശേഷത്തിന് തെളിവായി അതു നിലകൊള്ളുന്നു."